(സി) കയർ വികസന വകുപ്പിന് പുറമേ സഹകരണ, സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾ, കയർപിരി മേഖലയിലെ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, സ്വകാര്യ മേഖലയിലെ കയർപിരി, കയർ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ രൂപീകരിക്കപ്പെട്ടുന്ന സെൽ ആണ്, പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു.

തൊണ്ട് ശേഖരണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം

176 (3926) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കയർ നിർമ്മാണത്തിനായി എത്ര ടൺ ചകിരിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി എത്ര ടൺ എന്നും തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് എത്രയെന്നും വെളിപ്പെടുത്താമോ ;

(ബി) തൊണ്ട് സംഭരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; ഇപ്പോൾ ഉണക്കത്തൊണ്ടിനും പച്ചത്തൊണ്ടിനും നൽകുന്ന വില എത്രയെന്നും തൊണ്ട് സംഭരിച്ച് നൽകുന്നവർക്ക് നൽകുന്ന പ്രതിഫലം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) തൊണ്ട് ശേഖരിക്കുന്ന ജോലി കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഓരോ ജില്ലയിൽ നിന്നും കുടുംബശ്രീകൾ ശേഖരിക്കുന്ന തൊണ്ട് ഒരു നിശ്ചിത സ്ഥാനത്ത് എത്തിച്ച് ഒരു ആഴ്ചയിലോ, ഒരു മാസത്തിലോ ആലപ്പുഴയിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയർ മേഖലയിൽ കൂടുതൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് റാട്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട് സൗജന്യ നിരക്കിൽ നൽകുമോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഓരോ വർഷവും കയർ, കയറുല്പന്ന നിർമ്മാണത്തിനായി ഏകദേശം 2,25,000 മെടിക് ടൺ ചകിരി ആവശ്യമുള്ളതായാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ സംസ്ഥാനത്തു നിന്നും ഏകദേശം 30,000 ടൺ ചകിരിയാണ് ഉല്പാദിപ്പിക്കുന്നത്. ബാക്കി ആവശ്യമായ ചകിരി തമിഴ്നാട് ഉൾപ്പെടെയുള്ള അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു.

(ബി) കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും, ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ട് സംഭരിക്കുന്നതിനും മറ്റ് ഏജൻസികൾ മുഖാന്തരം സംഭരിക്കുന്നതിനും ഉൾപ്പെടെ) 5,000 തൊണ്ടിന് 250 രൂപയും, കൂടുതലായി സംഭരിക്കുന്ന ഓരോ ആയിരം തൊണ്ടിനും 50 രൂപ എന്ന കണക്കിലും വാഹന വാടക നൽകും. മിനി ഡി.എഫ്. മെഷീൻ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾ ഉൾപ്പെടെ ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് (8 മണിക്കൂർ കൊണ്ട് 4,000 തൊണ്ടിൽ താഴെ സംസ്കരിച്ച് ചകിരിയാക്കാൻ കപ്പാസിറ്റിയുള്ള യൂണിറ്റുകൾ) തൊഴിലാളികൾ (കയർ മേഖലയിലെ തൊഴിലാളികളും, സ്വാശ്രയ/ കുടുംബശ്രീയിലെ അംഗങ്ങളും) തൊണ്ടു സംഭരിച്ചു നൽകുമ്പോൾ തൊണ്ടു ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനമായി 400 പച്ചത്തൊണ്ടു സംഭരിച്ചു നൽകുമ്പോൾ 160 രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും 20 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നതാണ്. ഉണക്കത്തൊണ്ടാണെങ്കിൽ 600 ഉണക്കത്തൊണ്ട് സംഭരിച്ച് നൽകുമ്പോൾ 150 രൂപയും അധിക ഓരോ 100 ഉണക്കത്തൊണ്ടിനും 25 രൂപ വീതവും സർക്കാർ വിഹിതമായി നൽകും. തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കും. കൂടാതെ, കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി പരമാവധി 2,00,000 രൂപ വരെ പ്രവർത്തന മൂലധനമായി നൽകും.

ചകിരി ഉല്പാദനത്തിനായി സംഭരിക്കുന്ന ഉണക്കത്തൊണ്ടിനും പച്ചത്തൊണ്ടിനും പ്രത്യേകം വില നിശ്ചയിച്ചു നൽകിയിട്ടില്ല. വിവിധ പ്രോജക്ട് ഓഫീസുകളുടെ പരിധിയിൽ പ്രാദേശികമായി സംഭരിക്കുന്ന തൊണ്ടുകളുടെ വലുപ്പത്തിൽ കാര്യമായ വ്യത്യാസം ഉള്ളതിനാൽ ഉണക്കത്തൊണ്ടിന്റേയും പച്ചത്തൊണ്ടിന്റേയും വിലയിൽ

വ്യത്യാസം ഉണ്ടാകും. ഉണക്കത്തൊണ്ട് ഒന്നിന് ശരാശരി 40 പൈസ മുതൽ 60 പൈസാ വരെയും, പച്ചത്തൊണ്ടിന് ശരാശരി 70 പൈസ മുതൽ ഒരുരൂപ വരെയും ഇപ്പോൾ ലഭിക്കുന്നുണ്ട് എന്ന് കണക്കാക്കുന്നു.

തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന പുതിയ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് മിനി ഡി.എഫ്. മെഷീൻ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് ഉൾപ്പെടെ ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക്. (8 മണിക്കൂർ കൊണ്ട് 4,000 തൊണ്ടിൽ താഴെ സംസ്കരിച്ച് ചകിരിയാക്കാൻ കപ്പാസിറ്റിയുള്ള യൂണിറ്റുകൾ) തൊഴിലാളികൾ (കയർ മേഖലയിലെ തൊഴിലാളികളും, സ്വാശ്രയ/കുടുംബശ്രീയിലെ അംഗങ്ങളും) തൊണ്ട് സംഭരിച്ചു നൽകുമ്പോൾ തൊണ്ട് ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനമായി 400 പച്ചത്തൊണ്ടു സംഭരിച്ചു നൽകുമ്പോൾ 160 രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും 20 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നതാണ്. ഉണക്കത്തൊണ്ടാണെങ്കിൽ 600 ഉണക്കത്തൊണ്ട് സംഭരിച്ച് നൽകുമ്പോൾ 150 രൂപയും അധിക ഓരോ 100 ഉണക്കത്തൊണ്ടിനും 25 രൂപ വീതവും സർക്കാർ വിഹിതമായി നൽകും. തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കും.

(സി) തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന പുതിയ പദ്ധതി പ്രകാരം, തൊണ്ട് ശേഖരിക്കുന്ന ജോലി കുടുംബശ്രീക്കും ചെയ്യാവുന്നതാണ്. തൊണ്ട് ആലപ്പുഴയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) കയർ മേഖലയിൽ നീയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് റാട്ടുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട് സൗജന്യ നിരക്കിൽ നൽകുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

വിദേശ യാത്രകൾ

177 (3927) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ/കയറുല്പന്നങ്ങളുടെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് മന്ത്രി അടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ സംഘങ്ങൾ എത്ര തവണ വിദേശയാത്ര നടത്തിയെന്ന് അറിയിക്കുമോ ;

(ബി) ഓരോ സംഘത്തിലും മന്ത്രിയുൾപ്പെടെ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും ഏതെല്ലാം രാജ്യങ്ങളിൽ എത്രദിവസം ചെലവഴിച്ചുവെന്നും ആയതിനുവേണ്ടി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചുവെന്നും ഓരോ സന്ദർശനത്തിന്റേയും അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly